# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 41** **05.06.2018-ൽ മറുപടിക്ക്**

## വൈദ്യുതി ഉല്പാദന-വിതരണ രംഗങ്ങളിലെ പദ്ധതികൾ

| | ചോദ്യം<br>ശ്രീ.അനിൽ അക്കര:<br>" എം. വിൻസെന്റ്:<br>" സണ്ണി ജോസഫ് :<br>" ഷാഫി പറമ്പിൽ: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഗുണമേന്മയുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകുന്നതിന് വേണ്ടി വൈദ്യുതി ബോർഡ് തനത് ഫണ്ട് ഉപയോഗിച്ചും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | 2021-ഓടുകൂടി ആഗോള നിലവാര ത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച് പ്രവർത്തനം നടന്നു വരുന്നു. ഇതിന്റെ ആദ്യ പടിയായി വിതരണ ശൃംഖലയുടെ GIS അധിഷ്ഠിത രേഖാചിത്രം തയ്യാറാക്കി കഴിഞ്ഞു. തുടർന്ന് 2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിതരണ മേഖലയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ കണ്ടെത്തി അവയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. 4035.57 കോടി രൂപയുടെ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ടി പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br>സമ്പൂർണ്ണ വൈദ്യുതീകരണം, 24 മണിക്കൂറും വൈദ്യുതി, പ്രസരണ വിതരണ നഷ്ടം കുറയ്ക്കൽ എന്നീ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനായി ഗ്രാമ പ്രദേശങ്ങൾക്ക് വേണ്ടി ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന (ഡി. ഡി. യു. ജി. ജെ. വൈ), നഗരപ്രദേശങ്ങൾക്കായി ഇന്റേഗ്രേറ്റഡ് പവർ |

| | | | |
|---|---|---|---|
| | | | ഡവലപ്മെന്റ് സ്കീം (ഐ.പി.ഡി.എസ്.) എന്നീ രണ്ട് സ്കീമുകൾ ഭാരത സർക്കാർ ആവിഷ്കരിച്ചിരിക്കുന്നു. ഡി.ഡി.യു. ജി.ജെ. വൈ. യുടെ മൊത്തം പദ്ധതി തുക 482.96 കോടി രൂപയും ഐ.പി.ഡി.എസ്. -ന്റെ മൊത്തം പദ്ധതി തുക 592.07 കോടി രൂപയുമാണ്.<br>ടി പദ്ധതി തുകയുടെ 60 ശതമാനം കേന്ദ്രസർക്കാർ ഗ്രാന്റും 10 ശതമാനം സംസ്ഥാന വിഹിതം/വൈദ്യുതി ബോർഡ് വിഹിതവും 30 ശതമാനം അംഗീകൃത ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള ലോണും ആണ് പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ യഥാസമയം കൈവരിച്ചാൽ 30 ശതമാനം ലോൺ തുകയുടെ പകുതി (15 ശതമാനം) അധിക ഗ്രാന്റായി അനുവദിക്കുന്നതാണ്. അതായത് 75 ശതമാനം വരെ ഗ്രാന്റ് ലഭിക്കാവുന്ന പദ്ധതികളാണിത്. 30 മാസം കൊണ്ട് പദ്ധതി പൂർത്തിയാക്കേണ്ടതുണ്ട്. ഡി.ഡി.യു.ജി.ജെ.വൈ. പദ്ധതിയുടെ കാലാവധി 04.07.2018 നും, ഐ. പി. ഡി. എസ്. പദ്ധതിയുടെ കാലാവധി 31.03.2019 നും അവസാനിക്കും.<br>സംസ്ഥാനത്ത് ഗുണമേന്മയുള്ള വൈദ്യുതി ഗുണഭോക്താക്കൾക്ക് നൽകുന്നതിന് വേണ്ടി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് തനത് ഫണ്ട് ഉപയോഗിച്ചും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയും വിവിധ സൗരോർജ്ജ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. നിർമ്മാണം പൂർത്തീകരിച്ചതും നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നതുമായ സൗരോർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം (1)ആയി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും വിതരണ ട്രാൻസ്ഫോർമറുകളുടെ ഓവർ ലോഡ് ഒഴിവാക്കി പരിപാലനം ഉറപ്പാക്കുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; | (ബി) | വൈദ്യുതി വിതരണ ശൃംഖലയിലെ ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനായി പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, പുതിയ 11 കെ.വി. ലൈൻ നിർമ്മിച്ച് എച്ച്.ടി./എൽ.ടി. അനുപാതം കൂട്ടുക, നിലവിലുള്ള ചാലകശേഷി |

| | | | |
|---|---|---|---|
| | | | കറഞ്ഞ വൈദ്യുതി കമ്പികൾ (conductor) പുതിയ മെച്ചപ്പെട്ട കമ്പികൾ ഉപയോഗിച്ച് മാറ്റുക (Reconductoring) സിംഗിൾ ഫേസ് ടു ത്രീ ഫേസ് ലൈൻ കൺവേർഷൻ പ്രവർത്തികൾ നടപ്പിലാക്കുക., മെച്ചപ്പെട്ട മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയ പ്രവർത്തികളും, വിതരണ ട്രാൻസ്ഫോർമറുകളുടെ ഓവർ ലോഡിംഗ് ഒഴിവാക്കുന്നതിനായി ട്രാൻസ്ഫോർമറുകളുടെ ശേഷി ആവശ്യമെങ്കിൽ വർദ്ധിപ്പിക്കുക, ലോഡ് സെന്ററുകളിലേയ്ക്ക് അവ മാറ്റി സ്ഥാപിക്കുക, ലോഡ് ബാലൻസിംഗ് നടത്തുക തുടങ്ങിയ പ്രവർത്തികളും. ട്രാൻസ്ഫോർമറുകളുടെ എർത്തിംഗ് നിശ്ചിത നിലവാരം പുലർത്തുന്നു എന്നു ഉറപ്പു വരുത്തുന്ന പ്രവർത്തിയും പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ വഴി 2018-21 കാലയളവിൽ നടപ്പിലാക്കേണ്ട പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>പ്രസരണ നഷ്ടം കുറച്ച് പ്രസരണശൃംഖല മെച്ചപ്പെടുത്തുന്നതിനും പ്രസരണ ശേഷി ഉയർത്തുന്നതിനുമായി കെ.എസ്.ഇ.ബി.എൽ. ട്രാൻസ് ഗ്രിഡ് 2.0 എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ്. ഈ പദ്ധതിയുടെ പൂർത്തീകരണത്തോടെ, പ്രസരണ നഷ്ടം ഏതാണ്ട് 107 MW-ഓളം കുറയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതു വഴി ഏകദേശം 521.73 മില്യൺ യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ സാധിക്കുന്നതാണ്. ഇപ്പോൾ സിസ്റ്റത്തിൽ നിലവിലുള്ള പ്രസരണ നഷ്ടമായ 4.59 ശതമാനത്തിൽ നിന്നും ട്രാൻസ് ഗ്രിഡ് പദ്ധതി നടപ്പാക്കുന്നതോടെ 3 ശതമാനം വരെ ആകുമെന്ന് പ്രതീക്ഷിക്കുന്നു.<br>രണ്ടു ഘട്ടങ്ങളിലായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിയ്ക്ക് ഏകദേശം 10000 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. പ്രസ്തുത പദ്ധതിക്ക് ആവശ്യമായ ഫണ്ട് പ്രധാനമായും കിഫ്ബിയിൽ നിന്നാണ് |

| | | | |
|---|---|---|---|
| | | | ലഭിക്കുന്നത്. ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുന്ന 14 പാക്കേജുകളിൽ രണ്ടെണ്ണത്തിന് PSDF (പവർ സിസ്റ്റം ഡെവലപ്പ്മെന്റ് ഫണ്ട്)ന്റെ ധനസഹായം ലഭ്യമായിട്ടുണ്ട്.<br>14 പാക്കേജുകളായി വിന്യസിച്ചിട്ടുള്ള ഒന്നാം ഘട്ടത്തിന്റെ വർക്കുകൾ ആരംഭിച്ചു കഴിഞ്ഞിരിക്കുകയാണ്. രണ്ടു 400 KV സബ്സ്റ്റേഷനുകൾ, പന്ത്രണ്ട് 220 KV സബ്സ്റ്റേഷനുകൾ ഇവയോട് അനുബന്ധിച്ച ലൈനുകൾ എന്നിവയുടെ നിർമ്മാണമാണ് ഒന്നാം ഘട്ടത്തിൽ ഉൾപെടുത്തിയിരിക്കുന്നത്. ഒരു പാക്കേജിന്റെ പണി പൂർത്തിയായിട്ടുണ്ട്. മൂന്നു പാക്കേജുകളുടെ വർക്ക് പുരോഗമിക്കുന്നു. അവശേഷിക്കുന്നവയിൽ രണ്ടു പാക്കേജുകൾ (മഞ്ചേരി, ചാലക്കുടി, ചിത്തിരപുരം, കോതമംഗലം) എന്നിവിടങ്ങളിലെ 220 KV സബ്സ്റ്റേഷനുകൾ ഉൾപ്പെടുന്ന സബ്സ്റ്റേഷൻ പാക്കേജും ആലുവ, കലൂർ, കുന്നമംഗലം എന്നിവിടങ്ങളിൽ നിർമ്മിക്കുന്ന 220 കെ.വി. , ജി.ഐ.എസ്. സബ്സ്റ്റേഷനുകൾ ഉൾപ്പെടുന്ന പാക്കേജും) ടെൻഡർ നടപടികളുടെ വിവിധ ഘട്ടങ്ങളിലാണ്. 4 ലൈൻ പാക്കേജുകൾ ടെൻഡർ ചെയ്യുന്നതിനായി M/s. REC Ltd.. M/s. PFC Ltd. എന്നീ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. 2020-ൽ ഒന്നാംഘട്ടവും 2023-24-ൽ രണ്ടാംഘട്ടവും പൂർത്തീകരിക്കുവാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായുള്ള ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്ത് ഊർജ്ജ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നിർമ്മാണം നടന്നുവരുന്ന 10 ജലവൈദ്യുത പദ്ധതികൾ (ആകെ 190.5 മെഗാവാട്ട്) സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. വിശദാംശങ്ങൾ അനുബന്ധം (2) -ൽ ചേർത്തിരിക്കുന്നു. ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളിൽ ചിന്നാർ ഒഴികെയുള്ള പദ്ധതികൾ അടുത്ത മൂന്നു വർഷത്തിനകം |

| | | | |
|---|---|---|---|
| | | | പൂർത്തിയാക്കുക വഴി 166.5 മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കുവാൻ സാധിക്കും.<br>സംസ്ഥാനത്ത് ജലവൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കാനായി ഇ.എം.സി മുഖേന സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ സർക്കാർ പോളിസി പ്രകാരം മത്സരദർഘാസിലൂടെ 2014 ൽ അനുവദിച്ച ബൂട്ട് പദ്ധതികളിൽ (കരാർ ഒപ്പിട്ട് 30 കൊല്ലത്തിനുശേഷം സർക്കാരിലേക്ക് യാതൊരു ഉപാധിയുമില്ലാതെ തിരിച്ചുവരുന്നവ) 4.5 MW ന്റെ അരിപ്പാറ, 8 MW ആനക്കാംപോയിൽ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഇതുപോലെ അനുവദിച്ച 20 MW ന്റെ കീഴാർകുത്ത് പദ്ധതിയും 16 MW ന്റെ പോതു പദ്ധതിയും വനാനുമതി കിട്ടുന്നതിനായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിലേക്ക് അയയ്ക്കുന്നതിനുള്ള കേരള വനംവകുപ്പിന്റെ പരിഗണനയിലാണ്. 21 MW കക്കടാംപോയിൽ പദ്ധതി മഴക്കാലത്ത് അധിക വെള്ളം തിരിച്ചു വിടുന്ന തരത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനാൽ അവിടുത്തെ ചാലിയാർ പഞ്ചായത്ത് നടപടികൾ നിർത്തിവെപ്പിച്ചിരിക്കുകയാണ്. വെള്ളം തിരിച്ചുവിടാതെ സ്ഥാപിതശേഷി കുറച്ച് നടത്തുവാൻ പറ്റുമോ എന്ന് വീണ്ടും പഠിച്ചു കൊണ്ടിരിക്കുകയാണ്. മഴക്കാലത്ത് അധിക വെള്ളം തിരിച്ചുവിടുന്ന തരത്തിലുള്ള നേരത്തെ വിഭാവനം ചെയ്ത പദ്ധതി മാറ്റിയാൽ ഈ പദ്ധതിയുടെ താഴെ വിഭാവനം ചെയ്ത 41 MW ന്റെ കക്കാടംപോയിൽ രണ്ടാംഘട്ടവും നടക്കാതെ വരും. 2014-ൽ അനുവദിച്ച പദ്ധതികളുടെ വിശദ വിവരം അനുബന്ധം 2 ൽ ചേർത്തിരിക്കുന്നു. |
| (ഡി) | പുതിയതായി സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടിരുന്ന ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ? | (ഡി) | പുതിയതായി സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടിരുന്ന 13 ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അനുബന്ധം (3)-ൽ ചേർക്കുന്നു. 125.00 മെഗാവാട്ട് സ്ഥാപിത ശേഷി വർദ്ധനവാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്.<br>2017-ൽ സർക്കാർ അനുമതി നൽകിയ 47 |

| | | | | |
|---|---|---|---|---|
| | | | | MW സ്ഥാപിതശേഷി വരുന്ന 20 ചെറുകിട ജലവൈദ്യുത പദ്ധതികൾ ചില സാങ്കേതിക കാരണങ്ങളാൽ സർക്കാരും പദ്ധതി നടത്തിപ്പുകാരും തമ്മിലുള്ള ഉടമ്പടി വെയ്ക്കുവാൻ സാധിച്ചിട്ടില്ല. |

Hemalatha

സെക്ഷൻ ഓഫീസർ

അനുബന്ധം 1

## കെ.എസ്.ഇ.ബി.എൽ പൂർത്തീകരിച്ച സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പൂർത്തീകരിച്ച തീയതി |
|---|---|---|---|
| 1 | കഞ്ചിക്കോട് (ഗ്രൗണ്ട് മൗണ്ടഡ്) | 1.00 | 20.08.2015 |
| 2 | ചാലയൂർ ആദിവാസി കോളനിയിലെ വീടുകളുടെ മേൽക്കൂരയിൽ | 0.096 | 31.08.2015 |
| 3 | പൊരിങ്ങൽകുത്ത് പവർഹൗസിന്റെ മേൽക്കൂരയിൽ | 0.050 | 10.09.2015 |
| 4 | ഫ്ലോട്ടിംഗ് സോളാർ - ബാണാസുരസാഗർ റിസർവോയറിൽ | 0.010 | 21.01.2016 |
| 5 | ബാണാസുരസാഗർ റിസർവോയറിൽ പരിസരത്തുള്ള സോളാർ ട്രീ, സോളാർ ഫൗണ്ടൻ, സോളാർ ഫ്ലവർ, സോളാർ ക്യാനപ്പി | 0.003372 | 21.01.2016 |
| 6 | കൊല്ലങ്കോട് സബ് സ്റ്റേഷൻ പരിസരത്ത് | 1.00 | 08.08.2016 |
| 7 | പടിഞ്ഞാറത്തറ ഡാമിനു മുകളിൽ | 0.40 | 29.08.2016 |
| 8 | ഇടയാർ സബ് സ്റ്റേഷൻ സെക്ഷൻ & ഓഫിസ് പരിസരത്ത് | 1.25 | 05.09.2016 |
| 9 | ജനറേഷൻ റൂഫ് ടോപ്പ് പദ്ധതി 17 എണ്ണം | 0.7 | 07/2018 |
| 10 | പാലക്കാട് 5 ആദിവാസി കോളനി (ഡി.ഡി.ജി) | 0.047 | 30.11.2016 |
| 11 | ബാരാപോൾ കനാൽ ബാങ്ക് ഗ്രിഡ് കണക്ട് കനാൽ ബാങ്ക് | 1.00 | 07.11.2016 |
| 12 | പാലക്കാട് 2 ആദിവാസി കോളനികൾ (ഡി.ഡി.ജി) | 0.018 | 30.11.2016 |
| 13 | ബാരാപോൾ കനാൽ ടോപ്പ് ഗ്രിഡ് കണക്ട് കനാൽ ടോപ്പ് | 3.00 | 17.11.2016 |
| 14 | തലക്കുളത്തൂർ, കോഴിക്കോട് | 0.65 | 22.04.2017 |

| | | | |
|---|---|---|---|
| 15 | കെ.എസ്.ഇ.ബി ട്രാൻസ്മിഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (27 നം) | 0.910 | 02/2018 |
| 16 | കെ.എസ്.ഇ.ബി ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (12 നം) | 0.46 | 21.12.2017 |
| 17 | തിരുവനന്തപുരം വൈദ്യുതി ഭവനത്തിന്റെ മുകളിൽ | 0.03 | 17.05.2017 |
| 18 | മഞ്ചേശ്വരം കാസർഗോഡ് | 0.50 | 30.05.2017 |
| 19 | കുറ്റിപ്പുറം | 0.50 | 28.11.2017 |
| 20 | ബാണാസുരസാഗർ റിസർവൊയർ/ കക്കയം ഗ്രിഡ് കണക്ട് ഫ്ലോട്ടിംഗ് | 0.50 | 04.12.2017 |
| 21 | പേഴയ്ക്കാപ്പള്ളി-മൂവാറ്റുപുഴ, എറണാകുളം | 1.25 | 15.01.2018 |
| 22 | പോത്തൻകോട് സബ് സ്റ്റേഷൻ പരിസരത്ത് | 2.00 | 02.02.2018 |
| 23 | പീരുമേട്, ഇടുക്കി | 0.50 | 23.04.2018 |
| | ആകെ | 15.874372 | |
| 1 | ഓൺ ഗ്രിഡ് കൺസ്യൂമേഴ്സ് | 10.052 | |
| 2 | സിയാൽ | 30 | 11.12.2017 |
| 3 | IREDA | 50 | 14.09.2017 |
| 4 | അനർട്ട് | 2 | 09.12.2016 |
| 5 | ഹിൻഡാൽകോ | 1 | 31.03.2016 |
| | ആകെ | 108.926372 | |

# നിർമ്മാണം നടക്കുന്ന സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഇപ്പോഴത്തെ നിലവാരം | കരാർ തുക (കോടി) |
|---|---|---|---|---|
| 1 | ഏറ്റുമാനൂർ, കോട്ടയം | 1.00 | Wet land issue | 6.6872 |
| 2 | നെന്മാറ | 1.5 | വർക്ക് ഓർഡർ നൽകി (2018-19 പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു) | 9. 69 |
| 3 | പൊന്നാനി, മലപ്പുറം | 0.50 | നിർമ്മാണം ആരംഭിച്ചു (2018-19 പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു) | 3.539052 |
| 4 | ജില്ലാ പഞ്ചായത്ത് കണ്ണൂർ (29 നം) | 0.67 | 2018-19 ൽ പൂർത്തീകരിക്കും | 5.125 |
| 5 | ജില്ലാ പഞ്ചായത്ത് കോഴിക്കോട് (44 നം) | 0.480 | 2018-19 ൽ പൂർത്തീകരിക്കും | 3.3018 |
| 6 | ജില്ലാ പഞ്ചായത്ത് മലപ്പുറം (11 നം) | 0.110 | 2018-19 ൽ പൂർത്തീകരിക്കും | 0.7339 |
| 7 | ജില്ലാ പഞ്ചായത്ത് കാസർഗോഡ് (3 നം) | 0.195 | 2018-19 ൽ പൂർത്തീകരിക്കും | 1.38584 |
| 8 | ആറ്റിങ്ങൽ മുനിസിപ്പാലിറ്റി (2 നം) | 0.027 | 2018-19 ൽ പൂർത്തീകരിക്കും | 0.15 |
| 9 | സൗത്തിലെ ഗവൺമെന്റ് സ്ഥാപനങ്ങൾ (4 നം) | 0.057 | 2018-19 ൽ പൂർത്തീകരിക്കും | 0.40595 |
| 10 | കൊട്ടിയം, കൊല്ലം | 0.60 | 2018-19 ൽ പൂർത്തീകരിക്കും | 3.75 |
| 11 | മയിലാട്ടി, കാസർഗോഡ് | 1.00 | 2018-19 ൽ പൂർത്തീകരിക്കും | 5.82 |
| 12 | മാടക്കത്തറ ചുളിശ്ശേരി | 1.5 | 2018-19 ൽ പൂർത്തീകരിക്കും | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു |
| 13 | കെ.എസ്.ഇ.ബി.എൽ ന്റെ അധീനതയിലുള്ള വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ | 1.12 | 2018-19 ൽ പൂർത്തീകരിക്കും | |

| | | | | |
|---|---|---|---|---|
| 14 | 8 സ്കൂൾ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ (ലാഭപ്രഭ സ്കീം പ്രകാരം) | 0.04 | 2018-19 ൽ പൂർത്തീകരിക്കും | 31.55 |
| 15 | ജില്ലാ പഞ്ചായത്ത് കാസർഗോഡ് (5 നം) — രണ്ടാം ഘട്ടം | 0.335 | 2018-19 ൽ പൂർത്തീകരിക്കും | |
| 16 | മെഡിക്കൽ കോളേജ് തിരുവനന്തപുരം | 1.1 | 2018-19 ൽ പൂർത്തീകരിക്കും | |
| | **ആകെ** | 10.234 | | |

| നം. | **പദ്ധതിയുടെ പേര്** | **സ്ഥാപിത ശേഷി** (മെഗാ വാട്ട്) | |
|---|---|---|---|
| 1 | റിവേഴ്സ് ബിഡ്ഡിങ്ങിലൂടെ വിവിധയിടങ്ങളിൽ ഉത്പ്പാദിപ്പിക്കുന്ന സൗരോർജ്ജ വൈദ്യുതി വാങ്ങുന്ന പദ്ധതി | 200 | ഡോക്യുമെന്റ് പ്രിപ്പയർ ചെയ്ത് തുടർ നടപടികൾക്കായി ചീഫ് എഞ്ചിനീയർ (സി & റ്റി) ഓഫീസിലേയ്ക്ക് കൈമാറിയിട്ടുണ്ട്. |
| 2 | കല്ലട ഫ്ലോട്ടിംഗ് സോളാർ പദ്ധതി | 50 | ഇതിൽ 10 മെഗാവാട്ട് ആദ്യഘട്ടത്തിലും ശേഷമുള്ള 40 മെഗാവാട്ട് വിവിധഘട്ടങ്ങളിലായി നടപ്പിലാക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## നിർമ്മാണം നടന്നു വരുന്ന പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതികൾ | സ്ഥാപിത ശേഷി MW | വാർഷിക ഉൽപ്പാദന ക്ഷമത (ദശലക്ഷം യൂണിറ്റ്) | പ്രവർത്തന പുരോഗതി | പൂർത്തിയാക്കാൻ ലക്ഷ്യമിടുന്ന തീയതി |
|---|---|---|---|---|---|
| 1 | കക്കയം | 3 MW | 10.39 | 99% | 06/2018 |
| 2 | ഭൂതത്താൻകെട്ട് | 24 MW | 83.50 | 69% | 4/2019 |
| 3 | പൊരിങ്ങൽകുത്ത് | 24 MW | 45.02 | 73% | 5/2019 |
| 4 | അപ്പർ കല്ലാർ | 2 MW | 5.14 | 20% | 12/2018 |
| 5 | ചാത്തൻകോട്ടുനട – II | 6 MW | 14.76 | 26% | 11/2019 |
| 6 | ചെങ്കുളം ഓഗ്മെന്റേഷൻ -85 MU | - | 85.00 | 63% | 12/2020 |
| 7 | തോട്ടിയാർ | 40 MW | 99.00 | 34% | 6/2020 |
| 8 | പള്ളിവാസൽ എക്സ്റ്റൻഷൻ | 60 MW | 153.90 | 74% | 12/2020 |
| 9 | പഴശ്ശിസാഗർ | 7.5 MW | 25.16 | 3% | 4/2020 |
| 10 | ചിന്നാർ | 24 | 76.45 | 2018 ഏപ്രിൽ മാസത്തിൽ ആരംഭിച്ചു. | 4/2022 |
| | ആകെ | 190.5 MW | 598.32 | | |

നിർമ്മാണം നടക്കാത്ത ചെറുകിട ജലവൈദ്യുത പദ്ധതികൾ

| നമ്പർ | SHP പ്രോജക്ട് (സ്കീം നം. G.O(MS)30/2012/PD dated 12.12.2012) | ജില്ല | സ്ഥാപിത ശേഷി | കമ്പനി |
|---|---|---|---|---|
| 01 | അടയ്ക്കാതോട് (2) | കണ്ണൂർ | 2.50 | ശ്രീ.ശരവണ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, ഉവക്കുടി, ട്രിച്ചി. |
| 02 | അനക്കാംപോയിൽ (26) | കോഴിക്കോട് | 6.75 | മിനാർ ഇസ്പാറ്റ് പ്രൈവറ്റ് ലിമിറ്റഡ്, കോഴിക്കോട് |
| 03 | ആനയ്ക്കൽ (40) | കോട്ടയം | 2.00 | ആംങ്ഘർ സ്ട്രക്ച്ചറൽസ്, കോലഞ്ചേരി. |
| 04 | അരിപ്പാറ (13) | കോഴിക്കോട് | 3 | കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, കൊച്ചിൻ |
| 05 | ഇഞ്ചവരകത്ത് (52) | ഇടുക്കി | 3.00 | കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡ്, കളമശ്ശേരി, എറണാകുളം |
| 06 | കൈതകൊല്ലി (36) | വയനാട് /കണ്ണൂർ | 10.00 | കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, കൊച്ചിൻ |
| 07 | കാക്കടാംപോയിൽ എസ് 1(11) | കോഴിക്കോട് | 21 | കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, കൊച്ചിൻ |
| 08 | കങ്കാപുഴ (54) | ഇടുക്കി | 0.75 | ശ്രീ. ഐസക്ക് സാമുവൽ, കോട്ടയം |
| 09 | കഴുത്തുരുത്തി (41) | കൊല്ലം | 2 | കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, കൊച്ചിൻ |
| 10 | കീഴാർകുത്ത് (27) | ഇടുക്കി | 15 | ജനറൽ മെക്കാനിക്കൽ വർക്ക് പ്രൈവറ്റ് ലിമിറ്റഡ്, ചെന്നൈ. |
| 11 | കൊക്കമുല്ല (3) | കണ്ണൂർ | 2 | കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, കൊച്ചിൻ |
| 12 | കോഴിച്ചാൽ (46) | കണ്ണൂർ | 0.75 | സ്വസ്തിക്ക് ഇന്ത്യ ഇഞ്ചിനീയറിംഗ് (എസ്.സി) പ്രൈവറ്റ് ലിമിറ്റഡ്, മുബൈ. |
| 13 | കോഴിയിലകത്ത് | ഇടുക്കി | 1.00 | എ.ബി.ജി. ഇഞ്ചിനീയറിംഗ് (1) |

| | | | | |
|---|---|---|---|---|
| | | | | പ്രൈവറ്റ് ലിമിറ്റഡ്, തിരുവല്ല. |
| 14 | കുതിരചട്ടം (19) | കാസർകോഡ് | 2.00 | ശ്രീ. ശരവണ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, തൃശ്ശി. |
| 15 | ലോവർമർമ്മല (45) | കോട്ടയം | 0.90 | നേച്ചപാടം കൺസ്ട്രക്ഷൻ പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി. |
| 16 | മാടത്തെരുവി(9) | പത്തനംതിട്ട | 1.00 | പി.ഇ.എം.എസ് എഞ്ചിനീയറിംഗ് കൺസൾട്ടന്റ് പ്രൈവറ്റ് ലിമിറ്റഡ്. |
| 17 | മാലോത്തി(17) | കാസർകോഡ് | 2.00 | ശ്രീ. ശരവണ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, തൃശ്ശി. |
| 18 | മുത്തപ്പൻപുഴ(43) | കോഴിക്കോട് | 1.50 | മീനാർ ഇസ്പാറ്റ് പ്രൈവറ്റ് ലിമിറ്റഡ്, കോഴിക്കോട് |
| 19 | പനംകുടന്ത(15) | പത്തനംതിട്ട | 0.50 | എ.ബി.ജി എഞ്ചിനീയറിംഗ് (1) പ്രൈവറ്റ് ലിമിറ്റഡ്, തിരുവല്ല. |
| 20 | പതൻകയം(25) | കോഴിക്കോട് | 4.00 | മിനാർ അലോയിസ് ആന്റ് ഫോർജിംഗ് പ്രൈവറ്റ് ലിമിറ്റഡ്, പാലക്കാട് |
| 21 | പൊതു ലോഹൈഡ് സ്കീം(58) | എറണാകുളം | 16.00 | ശ്രീ ശരവണാ ഇഞ്ചിനീയറിംഗ് ഭവാനി പ്രൈവറ്റ് ലിമിറ്റഡ്, തമിഴ് നാടിന് അനുവദിച്ച പദ്ധതി പ്രസ്തുത കമ്പനി പിൻമാറിയപ്പോൾ സിയാലിന് അനുവദിച്ചു. |
| 22 | തോണിയാർ (31) | എറണാകുളം | 2.60 | കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, കൊച്ചിൻ |
| 23 | തുമ്പൂർമൂഴി (60) | തൃശ്ശൂർ | 7.00 | കൊച്ചിൻ മിനറൽസ് ആന്റ് റൂട്ടയിൽ ലിമിറ്റഡ്, ആലുവ. |
| 24 | തുവൽ (33) | ഇടുക്കി | 1.00 | കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, കൊച്ചിൻ |
| 25 | ഉറുമ്പിനി (32) | പത്തനംതിട്ട | 2.20 | കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, കൊച്ചിൻ |

Lemalille

സെക്ഷൻ ഓഫീസർ

അനുബന്ധം III

## പുതിയ ജലവൈദ്യുത പദ്ധതികൾ

| നമ്പർ | പദ്ധതി | സ്ഥാപിതശേഷി (MW) | ഉൽപ്പാദനശേഷി (MU) | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | പെരുവണ്ണാമൂഴി | 6 | 24.7 | സിവിൽ ജോലികൾക്ക് കരാർ നല്കി നിർമ്മാണം ഉടനെ ആരംഭിക്കുന്നതാണ്. ഭൂമി ഏറ്റെടുക്കൽനടപടികൾ പുരോഗമിക്കുന്നു. |
| 2 | അപ്പർ ചെങ്കുളം | 24 | 53.22 | do |
| 3 | ലാഡ്രം | 3.5 | 12.13 | do |
| 4 | ഒലിക്കൽ | 5 | 10.26 | do |
| 5 | പൂവാരംതോട് | 3 | 5.88 | do |
| 6 | മാർമ്മല | 7 | 23.02 | do |
| 7 | ചെമ്പുക്കടവ് - III | 7.5 | 17.715 | do |
| 8 | മാങ്കുളം | 40 | 82 | do |
| 9 | പീച്ചാട് | 3 | 7.74 | do |
| 10 | വെസ്റ്റേൺ കല്ലാർ | 5 | 17.41 | പുതുക്കിയപ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |
| 11 | മരിപ്പുഴ | 6 | 14.84 | ഭൂമിഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. |
| 12 | വാളാംതോട് | 7.5 | 15.291 | പ്രീ-കൺസ്ട്രക്ഷൻ സർവ്വേ ജോലികൾ പുരോഗമിക്കുന്നു. |
| 13 | ആനക്കയം | 7.5 | 22.83 | കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പുതുക്കിയ അനുമതി ലഭ്യമായ ശേഷം ടെണ്ടർ നടപടി കൾ സ്വീകരിക്കുന്നതാണ് |
| | ആകെ | 125.0 | 307.03 | |

സെക്ഷൻ ഓഫീസർ